DESPATCHED
On..16/5/22

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം–695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 204(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.3837/SIC-Gen4/2022**

(ഉത്തരവുകൾ **sic.kerala.gov.in** -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മേയ് 11**

ശ്രീ. ജോയി തോമസ്,
പൂവത്തുംമൂട്ടിൽ,
കോഴിമല പി.ഒ.,
ഇടുക്കി.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
   ഓഫീസ്, ഇടുക്കി, നായരുപാറ പി.ഒ.,
   ഇടുക്കി.
2. അപ്പീൽ അധികാരി &
   അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ),
   സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
   ഓഫീസ്, നായരുപാറ പി.ഒ.,
   ഇടുക്കി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 12.1.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 1.2.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 11.2.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 21.2.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 28.2.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 2.3.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11.3.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 26.3.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 10.5.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | പ്രതിനിധി ഹാജരായി (ഓഡിയോ)<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ജോയി തോമസ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷികൾ മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും ലഭിച്ച മറുപടി തെറ്റായതും

തെറ്റിദ്ധരിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതും വിവരങ്ങൾ മറച്ചു വയ്ക്കുക എന്ന ഉദ്ദേശത്തോടെയുള്ളതാണെന്നും ആയതിനാൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം എതിർകക്ഷികൾക്ക് നൽകണമെന്നും വിവരാവകാശ നിയമത്തിനെതിരെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് കട്ടപ്പന റൂറൽ ഡവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ഐ-591-നെ സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ സാക്ഷ്യപ്പെടുത്തി നൽകണമെന്നാണ്.

i) സംഘം ഭരണസമിതി അംഗങ്ങളുടെ പേരും മേൽവിലാസവും

ii) 2020 ഏപ്രിൽ 1 മുതൽ 2021 ഡിസംബർ 31 വരെ പലവക ചെലവുകൾ, ഓഫീസ് ചെലവുകൾ, വ്യാപാര ചെലവുകൾ എന്നിവ സംബന്ധിച്ച് ചെലവുകളും തുകകളും അവയുടെ ഇനം തിരിച്ച വിവരങ്ങളുടെയും പകർപ്പ്

iii) സംഘം ഹെഡ് ഓഫീസ്, ബ്രാഞ്ചുകൾ എന്നിവിടങ്ങളിൽ ദിവസവേതനത്തിലും കരാർ വേതനത്തിലും പരിശീലകർ എന്ന പേരിലും ജോലി ചെയ്യുന്നവരുടെ പേരും വിലാസവും ഓരോരുത്തർക്കും നൽകിയിട്ടുള്ള വേതനം സംബന്ധിച്ച വിവരങ്ങൾ നൽകണമെന്നും മറ്റുമായി 12 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 1.2.2022-ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതും അപൂർണ്ണവും ബോധപൂർവ്വം തെറ്റിദ്ധരിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതുമാണെന്നു പരാതിപ്പെട്ടുകൊണ്ട് 11.2.2022-ന് നൽകിയ അപ്പീൽ ഹർജിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ടിയാന്റെ അപേക്ഷക്കുള്ള മറുപടിയിൽ 2, 3, 4, 5, 6, 7, 8, 9 എന്നീ ചോദ്യങ്ങൾക്ക് വിവരം എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലെന്ന് മാത്രമാണ് എഴുതിയിരിക്കുന്നതെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഉള്ളത് കട്ടപ്പന റൂറൽ ഡെവലപ്പ്മെന്റ് ബാങ്കിലാണെന്നും ടി ബാങ്കിൽ നിന്ന് വിവരം ശേഖരിച്ച് നൽകുന്നതിന് സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബാധ്യതയുള്ളതാണെന്നും ആയതിനാലാണ് എതിർകക്ഷി ഓഫീസിലേക്ക് അപേക്ഷ അയച്ചിട്ടുള്ളതെന്നുമാണ്. ടി അപ്പീൽ തീർപ്പാക്കി നൽകിയ മറുപടിയിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്,

സഹകരണ സംഘം രജിസ്ട്രാറുടെ 12.4.2021–ലെ ആർ.സി.എസ് 1869/2021–ജി(4) കത്തിലെ 6–ാം ഖണ്ഡികയിൽ " സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറുകൾ/ഉത്തരവുകൾ എന്നിവ പ്രകാരം സഹകരണ സംഘങ്ങൾ നിശ്ചിത സമയങ്ങളിൽ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കപ്പെടേണ്ടതായ ഡേറ്റ, സംഘങ്ങൾ സമർപ്പിക്കുന്ന പരാതികൾ, നിവേദനങ്ങൾ, അപേക്ഷകൾ, റിപ്പോർട്ടുകൾ സ്റ്റാറ്റിസ്റ്റിക്കൽ വിവരങ്ങൾ, സംഘങ്ങളിൽ നടത്തിയിട്ടുള്ള പരിശോധന റിപ്പോർട്ടുകൾ എന്നിവ ഒഴികെ സഹകരണ സ്ഥാപനങ്ങളിൽ മാത്രം ലഭ്യമായിട്ടുള്ളതും സഹകരണ നിയമം/സർക്കുലറുകൾ/ഉത്തരവുകൾ പ്രകാരം രജിസ്ട്രാർക്ക് സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത വിവരങ്ങൾ ശേഖരിച്ച് നൽകുവാൻ കഴിയുന്നതല്ലെന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ടെന്നും വിവരാവകാശ നിയമ പ്രകാരം എതിർകക്ഷി ഓഫീസിൽ നിന്നും ലഭ്യമാക്കാവുന്ന എല്ലാ വിവരവും ലഭ്യമാക്കിയിട്ടുണ്ടെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ 12.1.2022–ലെ വിവരാവകാശ അപേക്ഷയിലെ ചോദ്യങ്ങൾക്ക് 1 മുതൽ 12 വരെ അക്കമിട്ട് മറുപടി നൽകിയിരുന്നു എന്നും പ്രസ്തുത മറുപടിയിൽ ഓഫീസിൽ ലഭ്യമല്ലാത്ത 2 മുതൽ 9 വരെയുള്ള ചോദ്യങ്ങൾക്കുള്ള മറുപടി പ്രസ്തുത സംഘത്തിൽ മാത്രം ലഭ്യമായിട്ടുള്ള വിവരമാണെന്നും ആയതിനാലാണ് ടി വിവരങ്ങൾ നൽകുവാൻ കഴിയാതിരുന്നതെന്നും സഹകരണ സംഘം രജിസ്ട്രാറുടെ 12.4.2021–ലെ ആർ.സി.എസ് 1869/2021–ജി(4) കത്ത് 6–ാം ഖണ്ഡികയിൽ " സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറുകൾ/ഉത്തരവുകൾ എന്നിവ പ്രകാരം സഹകരണ സംഘങ്ങൾ നിശ്ചിത സമയങ്ങളിൽ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കപ്പെടേണ്ടതായ ഡേറ്റ, സംഘങ്ങൾ സമർപ്പിക്കുന്ന പരാതികൾ, നിവേദനങ്ങൾ, അപേക്ഷകൾ, റിപ്പോർട്ടുകൾ സ്റ്റാറ്റിസ്റ്റിക്കൽ വിവരങ്ങൾ, സംഘങ്ങളിൽ നടത്തിയിട്ടുള്ള പരിശോധന റിപ്പോർട്ടുകൾ എന്നിവ ഒഴികെ സഹകരണ സ്ഥാപനങ്ങളിൽ മാത്രം ലഭ്യമായിട്ടുള്ളതും സഹകരണ നിയമം/സർക്കുലറുകൾ/ഉത്തരവുകൾ പ്രകാരം രജിസ്ട്രാർക്ക് സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത വിവരങ്ങൾ ശേഖരിച്ച് നൽകുവാൻ കഴിയുന്നതല്ലെന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ടെന്നും വിവരാവകാശ നിയമ പ്രകാരം എതിർകക്ഷി ഓഫീസിൽ നിന്നും ലഭ്യമാക്കാവുന്ന എല്ലാ വിവരവും ഹർജിക്കാരന് ലഭ്യമാക്കിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ 12 ഇനങ്ങളിലായി നൽകിയ വിവരാവകാശ അപേക്ഷയിലെ 2 മുതൽ

9 വരെയുള്ള ഇനങ്ങളിലായി നൽകിയ മറുപടിയിലാണ് ഹർജിക്കാരന് ആക്ഷേപം നിലനിൽക്കുന്നത് എന്ന് കാണുന്നു. ടി ഇനങ്ങൾക്ക് എന്തുകൊണ്ട് മറുപടി നൽകാൻ കഴിയില്ല എന്നത് സംബന്ധിച്ച വിശദമായ മറുപടി രണ്ടാം എതിർകക്ഷി കമ്മീഷനിൽ ഹാജരാക്കിയ 21.3.2022–ലെ എ.ആർ.309/2022 നമ്പർ റിപ്പോർട്ടിൽ കമ്മീഷനെ ബോധ്യപ്പെടുത്തിയിട്ടുമുണ്ട്. ഹർജിക്കാരൻ വിവരം ആവശ്യപ്പെട്ടിരിക്കുന്നത് കട്ടപ്പന റൂറൽ ഡവലപ്പ്മെന്റ് സൊസൈറ്റി എന്ന സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങളാണ്. കേരള കോ–ഓപ്പറേറ്റീവ് സൊസൈറ്റിസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന സഹകരണ സ്ഥാപനങ്ങൾ വിവരാവകാശ നിയമത്തിൻ നിർവ്വചിച്ചിരിക്കുന്ന പൊതു അധികാരി എന്നതിന്റെ പരിധിയിൽ വരുന്നതല്ല എന്ന് ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 9017/2013–ലെ വിധിന്യായത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. മാത്രമല്ല, സഹകരണ സംഘം രജിസ്ട്രാറുടെ 12.4.2021–ലെ RCS 1869/2021-G(4) നമ്പർ കത്ത് പ്രകാരം ഏതെല്ലാം തരത്തിലുള്ള വിഷയങ്ങളിൽ സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുവാൻ കഴിയുമെന്ന് സഹകരണ സംഘം രജിസ്ട്രാർ (ജനറൽ) കമ്മീഷനിൽ വിശദീകരണം ബോധിപ്പിച്ചിട്ടുള്ളതും അപ്രകാരം എതിർകക്ഷി കാര്യാലയത്തിൽ നിന്നും ലഭ്യമാക്കാവുന്ന വിവരങ്ങൾ ഹർജിക്കാരന് എതിർകക്ഷികൾ നൽകിയിട്ടുള്ളതായും കാണുന്നു. ആയതിനാൽ ഹർജിക്കാരന്റെ 2 മുതൽ 9 വരെയുള്ള ഇനങ്ങളിലായി ആവശ്യപ്പെട്ട വിവരങ്ങൾ കട്ടപ്പന റൂറൽ ഡവലപ്പ്മെന്റ് സൊസൈറ്റിയിൽ മാത്രം ലഭ്യമായവയാണെന്ന് കാണുന്നതിനാൽ ടി വിവരങ്ങൾ വിവരാവകാശ നിയമ പ്രകാരം ടി സൊസൈറ്റിയിൽ നിന്നും വിവരം ശേഖരിച്ച് ഹർജിക്കാരന് നൽകണമെന്ന് എതിർകക്ഷികളോട് നിർദ്ദേശിക്കുവാൻ നിർവ്വാഹമില്ല. ആയതിനാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷികൾ നൽകിയ മറുപടിയിൽ അപാകതയില്ലെന്ന് വിലയിരുത്തി, ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 11 –ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

bnk